**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2911** **13-10-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത മത്സ്യബന്ധനം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധനമേഖലയിൽ അനധികൃത മത്സ്യബന്ധനം നടക്കുന്നതും അവർ മത്സ്യസമ്പത്ത് കൊള്ളയടിക്കുന്നതും ആയത് സംസ്ഥാനത്തെ ചെറുകിട മത്സ്യത്തൊഴിലാളി മേഖലയെയാകെ ബാധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. രാത്രികാലങ്ങളിൽ കൃത്രിമ ലൈറ്റുകൾ ഉപയോഗിച്ചും, തീരത്തോട് ചേർന്ന് റിംഗ് വലകൾ ഉപയോഗി ച്ചുമുള്ള അനധികൃത മത്സ്യബന്ധനവും, ചെറു മത്സ്യങ്ങളെ പിടിക്കൽ, പെയർ ട്രോളിംഗ് തുടങ്ങിയ അശാസ്ത്രീയ മൽസ്യബന്ധന രീതികളുമാണ് പ്രധാനമായും റിപ്പോർട്ട് ചെയ്യിട്ടുള്ളത്. |
| (ബി) | പ്രസ്തുത അനധികൃത മത്സ്യബന്ധനം തടയുവാനും ചെറുകിട മത്സ്യബന്ധന മേഖലയ്ക്ക് സംരക്ഷണം നല്കുവാനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ബി) | അനധികൃത മത്സ്യബന്ധനങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് ശക്തമായ നടപടികൾ കൈക്കൊണ്ടി ട്ടുണ്ട്. KMFR Act ന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും, കടൽ പട്രോളിംഗ് ശക്തമാക്കാനും, KMFR Act ലംഘിച്ച് അനധികൃത മത്സ്യ ബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും മറൈൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും എല്ലാ തീരദേശ ജില്ലാ ഓഫീസർ മാർക്കും, ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കടൽ പട്രോളിംഗ് ശക്തമാക്കുന്ന തിന്റെ ഭാഗമായി 9 തീരദേശ ജില്ലകളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ KMFR റൂൾ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് മുതൽ കൊല്ലം ജില്ലയിലെ പറവൂർപൊഴിക്കര വരെ 20 മീറ്റർ ആഴം വരെയും, പറവൂർപൊഴിക്കര മുതൽ കാസർഗോഡ് ജില്ലയിലെ ബംഗാരമഞ്ചേശ്വരം വരെ 30 മീറ്റർ ആഴം വരെയും മെക്കനൈസ്ഡ് ഫിഷിങ് നിരോധിച്ചിട്ടുണ്ട്.<br>പേഴ്സ്-സീൻ, പെലാജിക് ട്രാൾ, മിഡ് വാട്ടർ ട്രാൾ, ബുൾ ട്രാൾ (പെയർ ട്രാൾ) മുൻകൂർ അനുമതി വാങ്ങാത്ത മറ്റു പുതിയതരം വലകൾ, 12 വാട്സിൽ കൂടുതലുള്ള ലൈറ്റുകൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധം എന്നിവ KMFR Act ന്റെയും KMFR Rules ന്റെയും അടിസ്ഥാനത്തിൽ കേരള തീരത്തു |

| | | | |
|---|---|---|---|
| | | | നിരോധിച്ചിട്ടുണ്ട്. ഇത് കൂടാതെ റിംഗ് സീൻ, ബോട്ടം ട്രാൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിലും, സമയ ങ്ങളിലും തടഞ്ഞിട്ടുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, നിരോധിത വലകൾ ഉപയോഗിക്കു ന്നത് കൊണ്ടുണ്ടാകുന്ന ദോഷ ഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ